LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിച്ചിരുന്ന പദ്ധതികൾക്കുവേണ്ടി 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ ഒറ്റ സ്ഥാപനം മാത്രമേ താല്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, സർക്കാർ നിർദ്ദേശ പ്രകാരം പുനർദർഘാസ് വിളിക്കുകയുമുണ്ടായി. പുനർദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ 10-ാമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും, മോണോ റെയിൽ പദ്ധതിക്ക് പകരം തത്തുല്യമായ മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമായ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു.

പാലം നിർമ്മാണം

147(2788) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലം നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) മൂലക്കീൽ കടവ് പാലം നിർമ്മിക്കുന്ന പാലക്കോട് പുഴ, വളപട്ടണം-കൊറ്റി ജലപാതയിൽപ്പെടുന്നതായതിനാൽ ദേശീയ ജലപാത ചട്ടം അനുസരിച്ച് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമായ ശേഷമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാനാവുകയുള്ളൂ.